Uncorrected / Not for Publication

## മേശപ്പുറത്തുവച്ച കടലാസുകൾ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതി അംഗമായ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ചട്ടം 47 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 935, 3923, 3976, 6879 എന്നിവയ്ക്കുള്ള മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിലുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ റൂൾ 303 പ്രകാരം ഒരു ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. അത് 303 പ്രകാരം നിലനിൽക്കുന്ന ഒന്നല്ല. സഭയ്ക്ക് പുറത്ത് എം.എൽ.എ.മാർ പ്രസംഗിക്കാറുണ്ട്, പത്രസമ്മേളനങ്ങൾ നടത്താറുണ്ട്, പല വിഷയങ്ങളും വരാറുണ്ട്. അതെല്ലാം സഭയുടെ വിഷയമാക്കി മാറ്റുക സാധ്യമായ കാര്യമല്ല. അദ്ദേഹം സൂചിപ്പിച്ച കാര്യത്തിൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ കൂറുമാറ്റ നിയമവുമായി ബന്ധപ്പെട്ടു വരുന്ന വിഷയമായി സഭയുടെ മുമ്പിൽ വരുമ്പോൾ തീർച്ചയായും അതനുസരിച്ച് ചെയർ ആക്ട് ചെയ്യുന്നതാണ്. അതുകൊണ്ടാണ് ഇത് നിലനിൽക്കുന്നതല്ല എന്ന് ഞാൻ തുടക്കത്തിലെ പറഞ്ഞത്. (നിയമ നിർമ്മാണകാര്യം)

## നിയമനിർമ്മാണകാര്യം

## 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അങ്ങ് സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഞാൻ സംസാരിക്കുന്നില്ല. അടുത്ത നടപടിയിലേയ്ക്ക് കടക്കാവുന്നതാണ്.